ലക്ഷം രൂപയുമാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

(സി) സ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ട്.

119 (1663) അഴൂർകടവ് പാലം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴൂർകടവ് പാലം പണിക്കുള്ള സ്ഥലമെടുപ്പ് ജോലികൾ എന്നാണ് പൂർത്തിയായത്;

(ബി) ഈ ആവശ്യത്തിലേയ്ക്ക് നടപ്പ് സാമ്പത്തിക്വർഷത്തെ ബഡ്ജറ്റിൽ എന്തു തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മതിയായ തുക വകകൊള്ളിച്ചു കിട്ടിയിട്ടും ഈ പാലം പണി ആരംഭിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) അഴൂർകടവ് പാലംപണിയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി എന്നാണ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്യുന്നത്;

(ഇ) ഭരണാനുമതി നൽകാൻ ഗവൺമെന്റ് വിമുഖത കാട്ടുന്നത് എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) അഴൂർകടവ് പാലംപണി ഉടനെ ആരംഭിക്കാൻ ഊർജ്ജിത നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1998 ഏപ്രിൽ മാസത്തിൽ സ്ഥലമെടുപ്പ് പൂർത്തിയായി.

(ബി) 120 ലക്ഷം രൂപ.

(സി) അഴൂർകടവ് പാലത്തിന്റെ യഥാർത്ഥ എസ്റ്റിമേറ്റിനേക്കാൾ പുതുക്കിയ എസ്റ്റിമേറ്റിൽ വൻ വർദ്ധന ഉണ്ടായതിനെത്തുടർന്ന് ഡിസൈൻ മാറ്റർ ഉൾപ്പെടെ എസ്റ്റിമേറ്റ് തുക കുറയ്ക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(ഡി) 20.2.1998-ൽ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറിൽനിന്നും ലഭിച്ചു എങ്കിലും ഇപ്പോഴും ഇത് സംബന്ധിച്ച കത്തിടപാടുകൾ നടത്തിവരുകയാണ്.

(ഇ) ഭരണാനുമതി നൽകാൻ വിമുഖത ഇല്ല. പ്രസ്തുത പണിയുടെ സാമ്പത്തികവും സാങ്കേതികവുമായ പരിശോധനകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

(എഫ്) സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന മുറയ്ക്ക് പാലംപണി ഏറ്റെടുക്കുന്നതാണ്.

120 (1664) ഒറ്റപ്പാലം-മായന്നൂർ പാലം

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഒറ്റപ്പാലം-മായന്നൂർ പാലം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 1999-2000 വർഷത്തിലെ ബഡ്ജറ്റിൽ ഈ പണിക്ക് എത്ര തുകയാണ് വകകൊള്ളിച്ചിട്ടുള്ളത്;

(സി) ഇതിന് നിലവിൽ മതിപ്പ് തുക നിശ്ചയിച്ചിട്ടുള്ളത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ മതിപ്പു തുക ഉയർത്തുന്നതിന് പുതുക്കിയ എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ അത് വ്യക്തമാക്കുമോ;

(ഇ) ഈ പാലത്തിന്റെ നിർമ്മാണത്തിന് എസ്റ്റിമേറ്റ്, പ്ലാൻ, ഡിസൈൻ എന്നിവയെല്ലാം തയ്യാറായിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഒറ്റപ്പാലം-മായന്നൂർ പാലം നിർമ്മിക്കുന്നതിനുവേണ്ടി 1160 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രത്യേകാനുമതി നൽകുന്നതിനുള്ള ഫയൽ പരിശോധിച്ചുവരുന്നു. സാങ്കേതികാനുമതിയും നൽകി കഴിഞ്ഞു. റെയിൽവേ മേൽപ്പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള സെന്റേജ് ചാർജ്ജായ 7.90 ലക്ഷം രൂപ ദക്ഷിണ റെയിൽവേയ്ക്ക് അടച്ചുകഴിഞ്ഞു. ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടി പണിക്ക് മതിയായ തുക ഈ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മതിയായ തുക വകയിരുത്തുന്നതിനായി ചീഫ് എഞ്ചിനീയറിൽനിന്നും ലഭിച്ച കത്ത് പരിശോധിച്ചുവരുന്നു.

(ബി) 1999-2000-ാമാണ്ടിലെ ബഡ്ജറ്റിൽ വാല്യം I-ൽ പേജ് നമ്പർ 93-ൽ 27-ാം നമ്പരായി 40 ലക്ഷം രൂപയും പേജ് നമ്പർ 98-ൽ 116-ാം നമ്പരായി 8.96 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) 1175 ലക്ഷം രൂപ.

(ഡി) ഇല്ല.

(ഇ) ഡിസൈനും, എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

121 (1665) കോഴിക്കോട് കോതി-പള്ളിക്കണ്ടി പാലം

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോതി-പള്ളിക്കണ്ടി പാലം നിർമ്മാണ പ്രവർത്തി ഏത് ഘട്ടത്തിലാണ്;

(ബി) ഈ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly